

ഉറൂബ്


വി.ടി. ഭട്ടതിരിപ്പാട്

# ഇടശ്ശേരി സ്മാരക സമിതി
## തുടക്കവും വളർച്ചയും


മഹാകവി അക്കിത്തം


സി.പി. ശ്രീധരൻ


കടവനാട്
കുട്ടിക്കൃഷ്ണൻ



ഇ. രാമൻമാസ്റ്റർ

### ഇടശ്ശേരി സ്മാരക സമിതിയുടെ രൂപീകരണം


1974 ഒക്റ്റോബർ 16ന് ദിവംഗതനായ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായരുടെ സ്മരണ നിർത്താൻ വേണ്ടിയാണ് ഇടശ്ശേരി സ്മാരകസമിതി രൂപീകരിച്ചത്. ഇതിന്നായി 1978 ഡിസംബർ 25ാം തീയതി ശീ വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളസാഹിത്യ അക്കാദമിയിൽ ഒരു ചടങ്ങ് സംഘടിപ്പിച്ചു. ചടങ്ങിൽ വെച്ച് ഇടശ്ശേരി സ്മാരകഫണ്ട് ഉദ്ഘാടനം പ്രശസ്ത ഭാരതീയ സാഹിത്യകാരൻ ഡോ. ഉമാശങ്കർ ജോഷി ആദ്യ സംഭാവന ശ്രീ കൊളാടി ഗോവിന്ദൻകുട്ടിയിൽ നിന്ന് സ്വീകരിച്ചുകൊണ്ട് നിർവ്വഹിച്ചു. 1979 ഒക്റ്റോബർ 30ാം തീയതി സമിതി നിയമപരമായി റജിസ്റ്റർ* ചെയ്തു. ഇടശ്ശേരി എന്ന മനുഷ്യനേയും കവിയേയും ഒരുപോലെ സ്നേഹിച്ചിരുന്നവരും കലാസാഹിത്യസാംസ്കാരികരംഗങ്ങളിൽ പ്രമുഖരുമായ അനവധി സുമനസ്സുകളുടെ ആശംസകൾ ഈ പ്രസ്ഥാനത്തിനൊപ്പമുണ്ട്. ശ്രീമാൻമാർ വി.ടി. ഭട്ടതിരിപ്പാട്, ഉറൂബ്, കൊളാടി ഗോവിന്ദൻകുട്ടി, പി. കെ.എ. റഹീം, പവനൻ, ഇ. രാമൻമാസ്റ്റർ, എം.ആർ. ഭട്ടതിരിപ്പാട്, കടവനാട് കുട്ടിക്കൃഷ്ണൻ, അക്കിത്തം അച്യുതൻ നമ്പൂതിരി, ഡോ.കെ.കെ. രാഹുലൻ, പി.ടി. നരേന്ദ്രമേനോൻ, സി.പി. ശ്രീധരൻ, പി.എൻ. പള്ളിപ്പാട്, എൻ.എൻ. തലാപ്പിൽ, കെ.വി. രാമകൃഷ്ണൻ, പി. കൃഷ്ണവാരിയർ, ടി. കെ. മുഹമ്മദ് തുടങ്ങി ഇടശ്ശേരിയുടെ മറ്റനവധി സ്നേഹിതരും ആരാധകരും ഇടശ്ശേരി സ്മാരകസമിതി രൂപീകരണത്തിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും മുൻകൈ എടുത്തിട്ടുണ്ട്.

### ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. മഹാകവി ഇടശ്ശേരിയുടെ സ്മരണ നില നിർത്തുവാനും, അദ്ദേഹത്തിന്റെ കൃതികൾ ഉൾപ്പടെ സാഹിത്യകൃതികളേപ്പറ്റി പഠിക്കുവാനും ഉതകുന്ന ഒരു കേന്ദ്രം സ്ഥാപിക്കുക.
2. ഇതിന്നുവേണ്ടി ഇടശ്ശേരിയുടെ പ്രവർത്തനകേന്ദ്രമായിരുന്ന പൊന്നാനിയിൽ ഇടശ്ശേരി സാഹിത്യ മന്ദിരം എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുക. ഈ കെട്ടിടത്തിൽ ഇടശ്ശേരി സ്ഥാപിച്ചു വളർത്തിയ കൃഷ്ണപ്പണിക്കർ വായനശാലക്കുകൂടി പ്രവർത്തിക്കാൻ സ്ഥലം അനുവദിക്കുക.
3. മലയാളഭാഷയിൽ രചിക്കപ്പെടുന്ന മൗലികകൃതിക്ക് ഓരോ വർഷവും ഇടശ്ശേരി അവാർഡ് എന്ന പേരിൽ ഒരു അവാർഡ് നൽകുക. തൊട്ടു


പവനൻ


പി.കെ.എ. റഹീം


കെ.വി. രാമകൃഷ്ണൻ


കൊളാടി ഗോവിന്ദൻകുട്ടി


ഡോ.കെ.കെ. രാഹുലൻ

മുൻപത്തെ മൂന്ന് വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ഏറ്റവും നല്ല കൃതിക്കാണ് അവാർഡ് നൽകുക.

4. ഇടശ്ശേരി സ്മാരക പ്രഭാഷണങ്ങൾ ഏർപ്പാടാക്കുക.
5. പ്രസിദ്ധീകരണങ്ങൾ ഇറക്കുക.

മുകളിൽ വിവരിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായല്ലെങ്കിലും ഒരളവോളം നിറവേറിക്കൊണ്ടുള്ള പ്രവർത്തനമാണ് 1979 മുതൽക്ക് സമിതി കൈക്കൊണ്ടിരിക്കുന്നത്. ഒരു സാഹിത്യ പഠനകേന്ദ്രത്തിന്റെ സംസ്ഥാപനം എന്ന ലക്ഷ്യം ഇന്നും നേടാൻ സാധിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനങ്ങളെ സുപ്രധാനവും പാവനവുമായി ഗണിക്കുന്ന പ്രശസ്ത സാഹിത്യകാരന്മാർ അടങ്ങിയ ഭരണസമിതികളാണ് ഇക്കാലമത്രയും സമിതിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നത്. ഇന്നും പ്രവർത്തനങ്ങൾക്ക് മാർനിർദ്ദേശം നൽകാൻ ഇടശ്ശേരിയുടെ പാരമ്പര്യം പിൻപറ്റുന്നവരടങ്ങിയ പ്രവർത്തകസമിതിയുണ്ട്. മഹാകവി അക്കിത്തം ദീർഘകാലമായി സമിതിയുടെ അദ്ധ്യക്ഷസ്ഥാനത്തിരുന്ന് കൊണ്ട് സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഉശിരേകുന്നു.

## സമിതിയുടെ ആസ്ഥാനം

സമിതിയുടെ ആസ്ഥാനം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സ്ഥിതി ചെയ്യുന്ന ഇടശ്ശേരി സാഹിത്യമന്ദിരത്തിലാണ്. ഈ മന്ദിരം പ്രശസ്ത ശിൽപിയും ചിത്രകാരനുമായ എം.വി.ദേവൻ രൂപകല്പ്പന ചെയ്തതാണ്. കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തിനുമുണ്ട് ചില സവിശേഷതകൾ. പൊന്നാനിയിലെ സാംസ്കാരികപ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്ന കൃഷ്ണപ്പണിക്കർ വായനശാല, വാടകക്കെട്ടിടത്തിൽനിന്ന് മാറ്റി സ്ഥാപിക്കുവാനായി ഇടശ്ശേരിയും സ്നേഹിതരും ഒരുമിച്ച് സംഭാവനകളുടെ രൂപത്തിൽ പണം സ്വരൂപിച്ചാണ് സ്ഥലം വാങ്ങിയത്. ഇടശ്ശേരിയുടെ മരണാനന്തരം ഈ കൊച്ചുസ്ഥലം ഇടശ്ശേരി സ്മാരകസമിതിക്ക് കൈമാറുകയും, അവിടെ ഇടശ്ശേരി സാഹിത്യമന്ദിരം എന്നപേരിൽ ഒരു കെട്ടിടം സമിതി നിർമ്മിക്കുകയാണ് ചെയ്തത്. കേരള ഗവർണ്ണർ ശ്രീ. പി. രാമചന്ദ്രനാണ് 1985 മേയ് 11 ന് ഇടശ്ശേരി സാഹിത്യമന്ദിരം ഉദ്ഘാടനം ചെയ്തത്. **ഈ** കെട്ടിടത്തിൽ സജ്ജമാക്കിയ ഇടശ്ശേരി മ്യൂസിയത്തിൽ ഇടശ്ശേരിക്കുടുംബം വിട്ടുനൽകിയ ഏതാനും ചില വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു. മഹാകവിയുടെ ജീവിതത്തിലെ ചില അപൂർവ്വ സന്ദർഭങ്ങളെ ഓർമ്മിക്കാൻ സന്ദർശകർക്ക് അവിടെ അവസരം ലഭിക്കുന്നു. കെട്ടിടത്തിൽത്തന്നെ ഒരു ഭാഗത്ത് കൃഷ്ണപ്പണിക്കർ വായനശാല പ്രവർത്തിക്കുന്നുണ്ട്.

ഇടശ്ശേരി സ്മാരകസമിതിയുടെ പ്രവർത്തനങ്ങൾ പൊന്നാനിയിൽ ചുരുങ്ങുന്നില്ല. കേരളത്തിൽ പല സ്ഥലങ്ങളിലും സാഹിത്യ സംബന്ധിയായ സെമിനാറുകളും മറ്റും നടത്തുകയാണ് സമിതിയുടെ പതിവ്.

## നിലവിലെ പ്രവർത്തനങ്ങൾ

1. ഇടശ്ശേരിസ്സാഹിത്യത്തെപ്പറ്റി അറിവ് സമ്പാദിക്കാൻ ഉതകുന്നതരത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനകരമായ



പി.ടി. നരേന്ദ്രമേനോൻ



പി. കൃഷ്ണവാരിയർ

www.edasseri.org എന്ന വെബ് സൈറ്റ് നിർമ്മിക്കുകയും കാലാകാലം നവീകരിക്കുകയും ചെയ്യുക.

2. പൊന്നാനിയിൽ ഇടശ്ശേരി സാഹിത്യമന്ദിരത്തിന്റേയും അതിൽ സ്ഥാപിച്ച മ്യൂസിയത്തിന്റെയും പരിപാലനം ഉറപ്പാക്കുക.
3. വർഷാവർഷം നൽകി വരുന്ന ഇടശ്ശേരി പുരസ്കാരം - അവാർഡ് നിർണ്ണയവും തൽസംബന്ധിയായ പ്രവൃത്തികളും സമയബന്ധിതമായി നടത്തുക.
4. ഇടശ്ശേരിക്കവിതകളുടെ വ്യാപകമായ ആസ്വാദനം ലക്ഷ്യമാക്കി കവിതകളുടെ ആലാപനം റെക്കാർഡ് ചെയ്ത് വിവിധ മാദ്ധ്യമങ്ങളിലൂടെ സഹൃദയർക്ക് പ്രാപ്യമാക്കുക.
5. ഇടശ്ശേരി അനുസ്മരണച്ചടങ്ങുകൾ സംഘടിപ്പിക്കുകയും ആ വേദികളിൽ ഇടശ്ശേരിക്കൃതികൾ വിവിധകലാരൂപങ്ങളിലൂടെ സഹൃദയസമക്ഷം അവതരിപ്പിക്കുകയും ചെയ്യുക.
6. ഇടശ്ശേരി സ്മാരക പ്രഭാഷണങ്ങളും സെമിനാറുകളും, വിശേഷിച്ച് കലാലയങ്ങളിൽ മലയാളഭാഷാ വിഭാഗവുമായി സഹകരിച്ച് സംഘടിപ്പിക്കുക.

**1955 ലെ 12മത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ,ശാസ്ത്രീയ, ധർമ്മസ്ഥാപനങ്ങൾ റജിസ്റ്റ്രാക്കൽ നിയമമനുസരിച്ച് ക്രമ നമ്പർ 217 ആയിട്ടാണ് സമിതി റജിസ്റ്റർ ചെയ്തിരിക്കുന്നത്.*

**2017–18–ലെ**

**പ്രവർത്തക സമിതി**

| | | |
|---|---|---|
| 1. | മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി | പ്രസിഡന്റ് |
| 2. | പ്രൊഫ. കെ.പി. ശങ്കരൻ | വൈസ്. പ്രസിഡന്റ് |
| 3. | പ്രൊഫ. കെ.വി. രാമകൃഷ്ണൻ | വൈസ്. പ്രസിഡന്റ് |
| 4. | ഇ. മാധവൻ | സെക്രട്ടറി |
| 5. | സുരേഷ് കെ. വാരിയർ | ട്രഷറർ |
| 6. | അഡ്വ. ജിസൻ പി ജോസ് | ജോയിന്റ് സെക്രട്ടറി |
| 7. | കെ.യു. കൃഷ്ണകുമാർ | ജോയിന്റ് സെക്രട്ടറി |
| 8. | സി. ഹരിദാസ് | മെമ്പർ |
| 9. | കെ.വി. സുകുമാരൻ മാസ്റ്റർ | മെമ്പർ |
| 10. | ആലങ്കോട് ലീലാകൃഷ്ണൻ | മെമ്പർ |
| 11. | അജിത് കൊളാടി | മെമ്പർ |
| 12. | ഏട്ടൻ ശുകപുരം | മെമ്പർ |
| 13. | ഡോ. കെ.പി. മോഹനൻ | മെമ്പർ |
| 14. | പി.കെ. സദാനന്ദൻ | മെമ്പർ |
| 15. | സി.വി. ഗോവിന്ദൻ | മെമ്പർ |
| 16. | ആർ. ഗോപാലകൃഷ്ണൻ | മെമ്പർ |
| 17. | പി.എം. നാരായണൻ | മെമ്പർ |
| 18. | എം.എം. സചീന്ദ്രൻ | മെമ്പർ |
| 19. | വി.കെ. പ്രശാന്ത് | മെമ്പർ |
| 20. | ടി.വി. ശൂലപാണി | മെമ്പർ |
| 21. | ടി.കെ. മുഹമ്മദ് | മെമ്പർ |